കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail: lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ./സി.3/113/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയതി. 12.03.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം-1-ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന

ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1),ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ./സി.3/113/2020     തീയതി: 12.03.2020

# കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 07.10.18 മുതൽ 20.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സന്തോഷ്. ബി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 21.01.2020 മുതൽ 30.01.2020 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീമതി.രമണികിഴക്കീൽ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | |

| | |
|---|---|
| | ശ്രീ.ഗണേശൻ കേളോത്ത്,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അന്ന അബ്രഹാം, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ലത.ടി | 01.04.18 മുതൽ<br>31.03.19 വരെ |
| സെക്രട്ടറി | ശ്രീ .സുരേശൻ.എം | 01.04.18 മുതൽ<br>31-01-19 വരെ |
| | ശ്രീ.കെ.ചന്ദ്രബാബു (ജോയിൻറ് ബി ഡി ഒ , അധിക ചുമതല) | 01-02-19മുതൽ 31-03-19വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.രാഗേഷ്.പി | 01.04.18 മുതൽ 31-03-19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സജീവൻ കളത്തിൽ | 01.04.18 മുതൽ 31-03-19വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ.ഇസ്മയിൽ.പി.കെ | 01.04.18 മുതൽ 03-05-18 വരെ |
| | ശ്രീമതി.സലീനാമ്മ.പി.കെ | 04-05-18 മുതൽ 23-05-18 വരെ |
| | ശ്രീഉമേഷ്.പി.വി | 24-05-18 മുതൽ 5-08-18 വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി.രേഷ്മ.സി.ആർ | 6-08-18 മുതൽ 15-08-18 വരെ |
| | ശ്രീമതി.സപ്ന.കെ | 16-08-18 മുതൽ 14-09-18 വരെ |
| | ശ്രീമതി.രേഷ്മ സി.ആർ | 15-09-18 മുതൽ 24-10-18 വരെ |
| | ശ്രീമതി.സപ്ന.കെ | 25-10-18 മുതൽ 1-11-18 വരെ |
| | ശ്രീമതി.ഹയറുന്നീസ. എം.കെ | 2-11-18 മുതൽ 22-02-18 വരെ |
| | ശ്രീമതി.സപ്ന.കെ | 23-02-18 മുതൽ 31-03-19 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീമതി.മെറിൻ ജേക്കബ് തോമസ് | 1-04-18 മുതൽ 10-07-18 വരെ |
| | ശ്രീമതി.ട്വിങ്കിൾ മാത്യു | 11-07-18 മുതൽ 11-10-18 വരെ |
| | ശ്രീ.ഫഹദ്.എം | 12-10-18 മുതൽ 31-03-19 വരെ |
| | | |

| | | |
|---|---|---|
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.സാവിത്രി.ഇ.ടി | 1-04-18 മുതൽ 30-09-19 വരെ |
| | ശ്രീ.രാധാകൃഷ്ണൻ.ഒ.പി | 1-10-18 മുതൽ 31-03-19 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.പ്രീത. | 1-04-18 മുതൽ 31-03-19 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ, അഡീഷണൽ-1 | ശ്രീമതി.വിജയകുമാരി.എ | 1-04-18 മുതൽ 30-04-18 വരെ |
| | ശ്രീമതി.നിർമ്മല.കെ | 01-05-18 മുതൽ 31-03-19 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ അഡീഷണൽ-2 | ശ്രീമതി.സജിത പി.വി | 1-04-18 മുതൽ 28-08-18 വരെ |
| | ശ്രീമതി.ഷേർലി. ടി.കെ | 29-08-18 മുതൽ 04-01-19 വരെ |
| | ശ്രീമതി.നളിനമ്മ.കെ ജി | 05-01-19 മുതൽ 31-03-19 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, | ഡോ.സ്നേഹലത. പോള | 01.04.18 മുതൽ |

| | | |
|---|---|---|
| | | 31-03-19 വരെ |
| പട്ടിക വർഗ്ഗ വികസന ഓഫീസർ | ശ്രീ.ഗോപാലകൃഷ്ണൻ | 01.04.18 മുതൽ 31-03-19 വരെ |

**ഉള്ളടക്കം**


| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | ക്യാഷ് പരിശോധന |
| 7 | 1-7 | ആഭ്യന്തരനിയന്ത്രണം |
| 8 | 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 9 | 1-9 | വാർഷികകണക്കുകളിലെ അപാകതകൾ |
| 10 | 1-10 | തളിപ്പറമ്പ് ബ്ലോക്കിന് കീഴിലുള്ള വിവിധ വ്യവസായ എസ്റ്റേറ്റുകളിൽ നിന്നുള്ള വാടക കുടിശ്ശിക-ഓഡിറ്റ് കാലയളവുവരെ ₹6,34,848 പിരിഞ്ഞുകിട്ടാനുണ്ട്. |
| 11 | 1-11 | കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി - കളക്ഷൻ ചാർജിനത്തിൽ ഈടാക്കിയില്ല |
| 12 | 1-12 | തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് നൽകിയത്-സമയബന്ധിതമായി ക്രമീകരിക്കേണ്ടതാണ്. |
| 13 | 1-13 | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന ഇൻഷ്വർ ചെയ്യേണ്ടതാണ്. |
| 14 | 1-14 | വനിത സ്വയം തൊഴിൽ സംരംഭകത്വം ആരംഭിക്കൽ-സംരംഭകത്വം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 500000 രൂപ തടസപ്പെടുത്തുന്നു. |
| 15 | 1-15 | പട്ടുവം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി ശ്മശാനം ബ്ലോക്ക് വിഹിതം നൽകൽ വിനിയോഗവിവരവും പ്രൊജക്ട് റിവൈസ്ഡ് ചെയ്തതിന്റെ പകർപ്പും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |

| | | |
|---|---|---|
| 16 | 1-16 | ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ കുടിവെള്ളത്തിനുവേണ്ടി വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ-അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല.ചെലവ് തുക 118000 രൂപ തടസപ്പെടുത്തുന്നു. |
| 17 | 1-17 | ബ്ലോക്ക് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ -പൂർത്തീകരണവിവരം ലഭ്യമാക്കിയില്ല. |
| 18 | 1-18 | വരുമാന നികുതി ത്രൈമാസ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനായി സ്വകാര്യ ഏജൻസിക്ക് ₹9,700 നൽകി. |
| 19 | 1-19 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം- വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് ഹാജരാക്കിയിട്ടില്ല |
| 20 | 1-20 | സി.എച്ച്.സി.യിൽ ആരംഭിച്ച കാൻസർ രോഗനിർണ്ണയ കേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല. |
| 21 | 1-21 | വൃദ്ധജന പരിപാലനത്തിനായി വയോജന സ്പെഷ്യാലിറ്റി ക്ലിനിക്ക്- പദ്ധതി മാർഗ്ഗരേഖയിൽ പരാമർശമില്ല. |
| 22 | 1-22 | ഭവനനിർമാണ വായ്പാതിരിച്ചടവ് തുക യഥാസമയം വായ്പാ അക്കൗണ്ടിൽ വരവ് വെക്കുന്നില്ല |
| 23 | 1-23 | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലേക്ക് ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങിയതിലെ അപാകങ്ങൾ |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള വ്യക്തമായ നഷ്ടത്തിന്റെ വിവരങ്ങൾ -ചാർജ്ജ് ചെയ്യാവുന്നത്<br><br>ഇല്ല | | |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള വ്യക്തമായ നഷ്ടത്തിന്റെ വിവരങ്ങൾ(സർചാർജ്ജ് ചെയ്യാവുന്നത്)<br><br>ഇല്ല | | |
| 21 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 22 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 23 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 24 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 25 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 26 | 4-6 | സ്ഥിര നിക്ഷേപം |
| 27 | 4-7 | ഓഡിറ്റ് റിക്കവറി |
| 28 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| | | |

| | | |
|---|---|---|
| 29 | 4-9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം |
| 30 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 31 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
| അനുബന്ധ പത്രികകൾ | | |
| 32 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 33 | അനുബന്ധം-2-1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 34 | അനുബന്ധം-2-2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 35 | അനുബന്ധം-2-3 | ബാലൻസ് ഷീറ്റ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27-03-2018തീയതിയിലെ76/2018 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | തുക |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ് | 455271000 |
| ആകെ | 455271000 |
| ചെലവ് | 452222865 |
| നീക്കിയിരിപ്പ് | 3048135 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-18 | 04-06-19 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25172571 |

| | |
|---|---|
| വരവ് | 109599711 |
| ആകെ | 134772282 |
| ചെലവ് | 112110190 |
| നീക്കിയിരിപ്പ് | 22662092 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 63011000 | 63011000 | 63011000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 7318000 | 7318000 | 7318000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 6226000 | 6226000 | 6226000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 7466000 | 7466000 | 5471506 | 1994494 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| പൈക്ക | | 270000 | 0 | 270000 | 0 | 270000 |
| ഐ.എ.വൈ | | 14887414 | 3408320 | 18295734 | 8788478 | 9507256 |
| ഐ.ഡബ്ള്യൂ.എം.പി(PMKSY 11) | | 252772 | 163974 | 416746 | 416303 | 443 |
| ഐ.ഡബ്ള്യൂ.എം.പി(PMKSY 1111 ) | | 308320 | 13116 | 321436 | 2383 | 319053 |
| ഐ.ഡബ്ള്യൂ ഡി.പി | | 262834 | 28354 | 291191 | 0 | 291191 |
| എസ്.ജി.എസ്.വൈ | | 337135 | 36374 | 373509 | 0 | 373509 |
| ടോട്ടൽ സാനിറ്റേഷൻ | | 1704664 | 72324 | 1776988 | 1423950 | 353038 |
| | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 784000 | 0 | 784000 | 784000 | 0 |
| | ജില്ലാ പഞ്ചായത്ത് | 4500000 | 0 | 4500000 | 2807180 | 1692820 |
| തനത് ഫണ്ട്* | ബാങ്ക് | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | | | | | |

* പ്രത്യേകമായി എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവരം ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്കുകളുടെ (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 171 | 132523013 | 117 | 82026506 | 117 | 0 | 54 | 68.42 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം</u>

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 37 | 25 | 38282252 | 27831257 | 72.70 |
| 2 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 15 | 10 | 22535756 | 12271066 | 74 |
| 3 | അസി.എഞ്ചിനീയർ | 83 | 52 | 44050613 | 25369020 | 71 |
| 4 | കൃഷി അസി ഡയരക്ടർ | 8 | 6 | 12956029 | 3598295 | 27.77 |
| 5 | മെഡിക്കൽഓഫീസർ (സി.എച്ച്.സി) | 7 | 7 | 2685363 | 2528718 | 94 |
| 6 | ശിശു വികസന ഓഫീസർ | 8 | 7 | 2723000 | 2548150 | 93.58 |

| | | | | | | |
|---|---|---|---|---|---|---|
| 8 | പട്ടികജാതി വികസന ഓഫീസർ | 5 | 5 | 2815000 | 2815000 | 100 |
| 9 | പട്ടിക വർഗ്ഗ വികസന ഓഫീസർ | 4 | 3 | 2790000 | 2550000 | 91.40 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2515000 | 2515000 | 100 |
| 11 | ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ | 2 | 0 | 0 | 0 | |
| ആകെ | | 171 | 117 | | 82026506 | |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ .ഇല്ല

പദ്ധതി അവലോകനം

നടപ്പുവർഷത്തിൽ അഗീകാരം ലഭിച്ച 171പ്രോജക്ടുകളിൽ 134പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

സ്റ്റിയറിംഗ് കമ്മറ്റി

വർക്കിംഗ് ഗ്രൂപ്പുകൾ

വിവിധ വിഷയങ്ങളിലായി 13 വർക്കിംഗ് ഗ്രൂപ്പുകളാണ് നിലവിലുള്ളത്. നടപ്പു വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗമിനുട്സിൽ ചർച്ചകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പല മിനുട്സ് ബുക്കുകളിലും രേഖപ്പെടുത്തിയ തീരുമാനങ്ങൾ കൺവീനർ സാക്ഷ്യപ്പെടുത്തുന്നില്ല. കുടിവെള്ളം, ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട മിനുട്സ് ബുക്കിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മോണിറ്ററിംഗ് നടത്തുന്നില്ല

പദ്ധതി മാർഗരേഖ പ്രകാരം പദ്ധതി മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതും, പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്റിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതുമാണ്.

എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റി കൂട്ടായി പ്രവർത്തിച്ച് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച് യാതൊരു വിലയിരുത്തലും നടത്തിയതായിട്ടില്ലായെന്നാണ് ഫയൽ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത്. നടപ്പിലാക്കിയ പദ്ധതികൾ ഫലപ്രാപ്തിയിലെത്തിയോ എന്ന് പരിശോധിക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ് ആയതിനാൽ വരും വർഷങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

കാര്യക്ഷമമാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

# 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-01-2020-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് നീക്കിയിരിപ്പില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-7 ആഭ്യന്തരനിയന്ത്രണം

സ്റ്റാഫ് മീറ്റിംഗ് എല്ലാ മാസവും വിളിച്ച് ചേർക്കുകയും ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തേണ്ടത് സംബന്ധിച്ച നിർദേശങ്ങൾ നൽകുകയും ഓഫീസ് പ്രവർത്തനം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഓഫീസ് ഓർഡർ ബുക്ക് എഴുതി സൂക്ഷിച്ചിട്ടുണ്ട് രജിസ്റ്ററുകളും രേഖകളും എഴുതി സൂക്ഷിക്കുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ട്.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-08-19, 27-08-19,<br>30-08-19,<br>31-08-19, 2-09-19<br>09-19, 19-09-19 | 1-04-19 മുതൽ 31-03-19 വരെ | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2009 മുതൽ2013-14വരെ | 30-07-15 |

# 1-9 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2.വാർഷിക ധനകാര്യ പത്രികയിലെ വാടക ഇനത്തിലെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് സാക്ഷ്യപ്പെടുത്തിയ വാടക രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3. ധനകാര്യ പത്രിക പ്രകാരം TSC ഇനത്തിലുള്ള വരവ് ചെലവ് തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4. 2018-19 B 4 ഷെഡ്യൂളിൽ 320100299 ഹെഡിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തി യിരിക്കുന്ന 91250/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5. ഡെപ്പോസിറ്റ്, അഡ്വാൻസ് എന്നീ ഇനങ്ങളിലുള്ള രജിസ്റ്ററുകൾ ഹാജരാക്കാത്തതിനാൽ അവയുമായി ബന്ധപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. ധനകാര്യ പത്രികയിൽ IAY ജനറൽ എന്ന വിഭാഗത്തിൽ (കോഡ് നം. 320100110) മുന്നിരിപ്പ് , വരവ് ,ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

7.ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാമ പഞ്ചായത്തിൽ നിന്നും ജോയിന്റ് വെഞ്ചർ പ്രോജക്ടിലേക്ക് ലഭിച്ചതും ചെലവഴിച്ചതും നീക്കിയിരിപ്പുള്ളമായ തുകകൾ സ്ഥാപനത്തിലെ രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

8 2018-19 വർഷം ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാമ പഞ്ചായത്തിൽ നിന്നും സംയുക്ത പ്രൊജക്ടുകളുടെ ഭാഗമായി ചെലവഴിച്ച തുകകൾ സുലേഖ (ചെലവ് പത്രിക)യിൽ ഉൾപ്പെട്ടിട്ടില്ല.

9. RP 40(b)ൽ കാണിച്ചിരിക്കുന്ന താഴെ കൊടുത്തിരിക്കുന്ന പാസ്ബുക്കുകളോ അക്കൌണ്ട് വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| RP 40(b) പ്രകാരം ബാങ്കിന്റെ പേര് | RP 40(b) പ്രകാരം നീക്കിയിരിപ്പ് |
|---|---|
| Nationalised Bank Own Fund | 33387/- |
| PNB Thaliparamba | 48221/- |

10. ധനകാര്യ പത്രിക പ്രകാരമുള്ള വാടകയിനത്തിലുള്ള കുടിശ്ശിക ഡിമാന്റ് ,(532109/-) കലക്ഷൻ (473460/-)നീക്കിയിരിപ്പ് (160000/-)തുകകൾ പൊരുത്തപ്പെടുന്നില്ല.

11. സ്ഥാപനത്തിൽ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഐ എ വൈ ഹൌസിംഗ് ലോണുകളുമായി ബന്ധപ്പെട്ട പാസ്ബുക്കുകൾ പ്രകാരം ആകെ 42,00,000/- രൂപയാണ് തിരിച്ചടക്കാൻ ബാക്കിയുള്ളത്. ഇതിൽ നിന്നും വ്യത്യസ്തമായി ബി 5 ഷെഡ്യൂളിൽ 49,00,000/- രൂപ തിരിച്ചടക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | ആകെ ലോൺ തുക | തിരിച്ചടച്ച തുക | 31.03.19 ന് തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| മാടായി കോ-ഓപ് റൂറൽ ബാങ്ക് | 0706450000001 | 69,00,000 | 42,00,000 | 27,00,000 |
| പാപ്പിനിശ്ശേരി കോ-ഓപ് റൂറൽ ബാങ്ക് | 2/2011 | 50,00,000 | 35,00,000 | 15,00,000 |
| | | | | |

| | | | | |
|---|---|---|---|---|
| ആകെ | | | | 42,00,000 |

12) രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ സ്കീമുമായി ബന്ധപ്പെട്ട പഞ്ചാബ് നാഷണൽ ബാങ്കിലുള്ള അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക ധനകാര്യപത്രികയിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

# 1-10 തളിപ്പറമ്പ് ബ്ലോക്കിന് കീഴിലുള്ള വിവിധ വ്യവസായ എസ്റ്റേറ്റികളിൽ നിന്നുള്ള വാടക കുടിശ്ശിക-ഓഡിറ്റ് കാലയളവുവരെ ₹6,34,848 പിരിഞ്ഞുകിട്ടാനുണ്ട്.

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ വ്യവസായ എസ്റ്റേറ്റുകളിൽ നിന്ന് ഭീമമായ വാടക കുടിശ്ശിക പിരിഞ്ഞുകിട്ടാനുണ്ടായിരുന്ന സാഹചര്യത്തിൽ ഭരണസമിതിയുടെ 22.09.18 ലെ 127/18(12) നം.തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ വ്യവസായ എസ്റ്റേറ്റുകളിലും പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള ഒരു താത്കാലിക കമ്മറ്റി സന്ദർശനം നടത്തി വാടക കുടിശ്ശിക ഒടുക്കാനുള്ളവരെ നേരിട്ട് കണ്ട് കർശന നിർദ്ദേശം നൽകാനും ഒഴിവുള്ള മുറികൾ കണ്ടെത്തി ആയവ അർഹതപ്പെട്ടവർക്ക് വാടകയ്ക്ക് നൽകാനും തീരുമാനിച്ചു. മേൽ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ വാടക കുടിശ്ശികയുള്ളതായി കണ്ടെത്തിയവർക്ക് 20 ദിവസത്തിനുള്ളിൽ തുക അടയ്ക്കുന്നതിനുള്ള നോട്ടീസ് അയയ്ക്കുന്നതിനും തുടർന്ന് റവന്യൂ റിക്കവറിക്കായി ജില്ലാ കളക്ടർക്ക് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചു(ഭരണ സമിതി തീരുമാനം നം.141/18(2)/30.10.18).തുടർ നടപടികൾ ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക്(നം.2/18-19/21.01.20) ലഭ്യമാക്കിയ മറുപടി പ്രകാരം സന്ദർശന സമയത്ത് ഒഴിഞ്ഞു കിടന്ന 19 മുറികൾ പുതിയ കരാറുകാർക്ക് നൽകിയിട്ടുണ്ട്.എന്നാൽ താഴെക്കൊടുത്തിരിക്കുന്ന മുറികൾക്ക് നിലവിൽ വാടക കുടിശ്ശികയുണ്ട്.

| വ്യവസായ എസ്റ്റേറ്റിന്റെ പേര് | പരിശോധനാ സമയത്ത് വാടക കുടിശ്ശിക ഉണ്ടായിരുന്നവ | | | |
|---|---|---|---|---|
| | റൂം നമ്പർ | കൈവശക്കാരന്റെ പേര് | സ്വീകരിച്ച തുടർ നടപടികൾ | നിലവിലെ കുടിശ്ശിക തുക |
| കുറുമാത്തൂർ | KP/V- | കെ.പി.അബ്ദുൾ | കാരണം കാണിക്കൽ | 87,000 |

| | | | | |
|---|---|---|---|---|
| | 130B | നാസർ | നോട്ടീസ് നൽകി. കുടിശ്ശിക തുക ഗഡുക്കളായി ഒടുക്കാമെന്ന് ഉറപ്പ് നൽകി. | |
| | KP/V-226 | കെ.പി.അബ്ദുൾ നാസർ | | 51,548 |
| | KP/V1-250 | പി.ബാലകൃഷ്ണൻ നമ്പ്യാർ | | 87,200 |
| നെല്ലിപ്പറമ്പ | PP/V1-462 | ഒ.വി.രാജൻ | കാരണം കാണിക്കൽ നോട്ടീസ് നൽകി.ടിയാന്റെ അപേക്ഷ പരിഗണിച്ച 2020 ഫെബ്രുവരിയിൽ കുടിശ്ശിക തുക ഒടുക്കാമെന്ന് ഉറപ്പു നൽകി. | 89,100 |
| | PP/V1-453 | അബ്ദുൾ റഷീദ് | കുടിശ്ശിക തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു. | 1,37,000 |
| | AP/V11-326(H) | ജോസ് തോമസ് | റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനു മുൻപായി കത്തു നൽകി. | 1,20,000 |
| | AP/V11-326D | കെ.എം.തോമസ് | ടിയാന്റെ അപേക്ഷ പരിഗണിച്ച് വാടക കുടിശ്ശിക ഗഡുക്കളായി ഒടുക്കുന്നതിന് സാവകാശം നൽകി. | 63,000 |
| | | | ആകെ | 6,34,848 |

കുടിശ്ശിക തുക ഈടാക്കുന്നതിലും ഒഴിവു വരുന്ന മുറികൾക്കായി താമസംവിനാ പുതിയ വാടകക്കാരെ കണ്ടെത്തുന്നതിനും ഭരണസമിതിയും ചുമതലപ്പെട്ട ഉദ്യോഗസ്ഥരും ജാഗ്രത പുലർത്തേണ്ടതാണ്.

## 1-11 കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി - കളക്ഷൻ ചാർജിനത്തിൽ ഈടാക്കിയില്ല

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് ആക്ട്, 1996 ലെ വകുപ്പ് 3(3) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവ് തുകയുടെ 1% ചെലവിന് ഉറവിടത്തിൽ നിന്നു തന്നെ വസൂലാക്കി കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ അടക്കണമെന്നും ഇപ്രകാരം വസൂലാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജിനത്തിൽ അതതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കി തനത് ഫണ്ടിൽ ഒടുക്കാവുന്നതാണെന്നും

വ്യക്തമാക്കിയിട്ടുണ്ട്. 2018-19 വർഷത്തിൽ, നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവ് തുകയുടെ ഒരു ശതമാനമായ വിവിധ പ്രവൃത്തികളിൽ നിന്നും വസൂലാക്കി കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ അടച്ചിട്ടുണ്ട്. ഈടാക്കുന്ന തുകയിൽ നിന്നും ഒരു ശതമാനം തുക കളക്ഷൻ ചാർജിനത്തിൽ തനത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.ഇപ്രകാരം ഈടാക്കുന്ന തുകയിൽ നിന്നും 1 ശതമാനം ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 1-12 തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് നൽകിയത്-സമയബന്ധിതമായി ക്രമീകരിക്കേണ്ടതാണ്.

2018-19 വർഷം എം ജി എൻ ഇ ആർ ഇ ജി എ ജീവനക്കാർക്ക് വേതനം നൽകുന്നതിന് വേണ്ടി തനത് ഫണ്ടിൽ നിന്നും വിവിധ മാസങ്ങളിൽ തുക നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| നൽകിയ അഡ്വാൻസ് | ക്രമീകരിച്ചത് | ബാലൻസ് |
|---|---|---|
| 413825 | 0 | 413825 |

ഇപ്രകാരം തനത് ഫണ്ടിൽ നിന്നും അഡ്വാൻസായി നൽകിയ തുക തിരികെ തനത് ഫണ്ടിലേക്ക് സമയബന്ധിതമായി ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-13 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന ഇൻഷ്വർ ചെയ്യേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ വാഹനം ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനയാണ് ഇൻഷ്വർ ചെയ്തിരിക്കുന്നത്. 18-04-2000 ലെ ജി ഒ(പി) നം 819/2000 ഫിൻ ഉത്തരവ് പ്രകാരം സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷം വാഹനം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയല്ല ഇൻഷ്വർ ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | വാഹന നമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|---|
| 1 | KL-13 K-2488 | 120/2018-19 തീയതി 16-10-2018 | 10370 |
| 2 | KL-59 F- | 102/2018-19 തീയതി 24- | 12822 |

| | | | |
|---|---|---|---|
| | 6387 | 09-2018 | |

സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന വാഹനങ്ങൾ ഇൻഷൂർ ചെയ്യേണ്ടതാണ്.

## 1-14 വനിത സ്വയം തൊഴിൽ സംരംഭകത്വം ആരംഭിക്കൽ-സംരംഭകത്വം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 500000 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 141/2019 |
| പ്രോജക്ടിന്റെ പേര് | വനിത സ്വയം തൊഴിൽ സംരംഭകത്വം ആരംഭിക്കൽ-അനുബന്ധരേഖകൾ ലഭ്യമാക്കേണ്ടത് സംബന്ധിച്ച് |
| അടങ്കൽ | 500000 |
| ബിൽ നമ്പർ / തീയതി | 07/2018-19 തീയതി 28-05-2018 /-500000 |

വനിത സ്വയം തൊഴിൽ സംരംഭത്വം തുടങ്ങുന്നതിനായി 2018-19 വർഷം 4 വനിത സ്വയം തൊഴിൽ സംരംഭകർക്ക് 125000 രൂപ വീതം സബ് സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്. സംരംഭകരെ സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | സ്വയം തൊഴിൽ സംരംഭകത്തിന്റെ പേര് | സ്ഥലം | സംരംഭക ഇനം |
|---|---|---|---|
| 1 | തേജസ് ജെ എൽ ജി | ആലക്കോട്-ചെറുപാറ | ടൈലറിംഗ് യൂണിറ്റ് |
| 2 | ഹരിശ്രീ ജെ എൽ ജി | ഉദയഗിരി-മണക്കടവ് | കോഴി വളർത്തൽ |
| 3 | തൃപ്തി ജെ എൽ ജി | പരിയാരം -വെള്ളാവ് | പലഹാര നിർമ്മാണ യൂണിറ്റ് |
| 4 | നവജ്യോതി ജെ എൽ ജി | ആലക്കോട്-പെരിങ്ങള | സോപ്പ് നിർമ്മാണ യൂണിറ്റ് |

ധനകാര്യസ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ ഉപയോഗിച്ചുകൊണ്ടാണ് സംരംഭം തുടങ്ങാൻ തീരുമാനിച്ചിട്ടുള്ളത്. മേൽ പറഞ്ഞ യൂനിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(6/2018-19) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ താഴെ കൊടുത്ത രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1)സബ്സിഡി, ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പ എന്നിവ ഉപയോഗിച്ചുകൊണ്ട് സംരംഭകർ സൃഷ്ടിച്ച ആസ്തിയുടെ വിവരം

2)പ്രസ്തുത സ്വയം തൊഴിൽ സംരംഭകർ യൂണിറ്റ് തുടങ്ങുന്ന അവസരത്തിൽ അതാത് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ

3)കൂടാതെ പ്രസ്തുത സംരംഭങ്ങുടെ പ്രവർത്തനവിവരം പരിശോധിക്കുന്നതിനായി പാസ് ബുക്കുകൾ/ബാങ്ക് സ്റ്റേറ്റ്മെന്റ്

നിലവിൽ പ്രവർത്തിക്കാത്ത ഗ്രൂപ്പുകളുണ്ടെങ്കിൽ അവരിൽ നിന്നും സബ്സിഡി ഇനത്തിൽ നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.ഗ്രൂപ്പുകളുടെ പ്രവർത്തനവിവരം ലഭ്യമല്ലാത്തതിനാൽ ചെലവ് തുക 500000 രൂപ തടസപ്പെടുത്തുന്നു.

# 1-15 പട്ടുവം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി ശ്മശാനം ബ്ലോക്ക് വിഹിതം നൽകൽ - വിനിയോഗവിവരവും പ്രൊജക്ട് റിവൈസ് ചെയ്തതിന്റെ പകർപ്പും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 97/2019 |
| പ്രോജക്ടിന്റെ പേര് | പട്ടുവം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി ശ്മശാനം ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | 500000 |
| ബിൽ നമ്പർ / തീയതി | 14/2018-19 തീയതി 11-07-2018 /-500000 |

പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ പദ്ധതിയായ കുളക്കാട്ടുവയൽ എസ് സി ശ്മശാന പുനരുദ്ധാരണം (78/2019) എന്ന പദ്ധതിയുടെ ബ്ലോക്ക് വിഹിതം 500000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരിശോധിച്ചതിൽ ബ്ലോക്ക് വിഹിതം 450000 രൂപ ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരവും പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ്

എൻക്വയറിക്ക്(5/2018-19) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രോജക്ട് റിവൈസ് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് 5 ലക്ഷം രൂപ നൽകിയതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗവിവരവും റിവൈസ്ഡ് പ്രോജക്ടിന്റെ പകർപ്പും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-16 ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ കുടിവെള്ളത്തിനുവേണ്ടി വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ-അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല.ചെലവ് തുക 118000 രൂപ തടസപ്പെടുത്തുന്നു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ബ്ലോക്ക്പഞ്ചായത്ത് കാര്യാലയത്തിൽ കുടിവെള്ളത്തിനുവേണ്ടി വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ എന്ന പ്രോജക്ടിന്റെ അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച വശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 133/2019 |
| പ്രോജക്ടിന്റെ പേര് | ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ കുടിവെള്ളത്തിനുവേണ്ടി വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ |
| അടങ്കൽ | 118000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ബിൽ നമ്പർ / തീയതി | 03/2018-19 തീയതി 19-05-2018/-118000 |

വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിന് വേണ്ടി മേൽ കൊടുത്ത ബിൽ പ്രകാരം പിൻവലിച്ച തുക എൻ സി സെബാസ്റ്റ്യൻ എന്നവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇനം വാങ്ങുന്നതിന് മുമ്പ് സ്വീകരിച്ച ടെണ്ടർ നടപടികളുടെ ഫയൽ,കാഷ് ഇൻവോയ്സ്, വാട്ടർ പ്യൂരിഫയർ സ്റ്റോക്കിലെടുത്തത്, ആവശ്യപ്പെട്ട സ്പെസിഫിക്കേഷനോട് കൂടിയ വാട്ടർ പ്യൂരിഫയർ തന്നെയാണെന്ന് വ്യക്തമാക്കിയതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/2018-19) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ പരാമർശിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 1,18,000/- രൂപ തടസപ്പെടുത്തുന്നു.

## 1-17 ബ്ലോക്ക് ഓഫീസിൽ സോളാർ പാനൽ

# സ്ഥാപിക്കൽ -പൂർത്തീകരണവിവരം ലഭ്യമാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി കെൽട്രോണിന് തുക നൽകിയിട്ടുണ്ട്.ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 157/2019 |
| പ്രോജക്ടിന്റെ പേര് | ബ്ലോക്ക് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ |
| അടങ്കൽ | 1000000 |
| ബിൽ നമ്പർ/തീയതി/തുക | 11/2018-19 തീയതി 24-06-2018/-898200 |

പദ്ധതിയുടെ പൂർത്തീകരണവിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/2018-19) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആകെ അടങ്കൽ തുക 10 ലക്ഷം രൂപയിൽ നിന്നും പ്രവൃത്തി പൂർത്തീകരിച്ച് 998000 രൂപയുടെ ബിൽ കെൽട്രോൺ നൽകിയിട്ടുണ്ടെന്നും എന്നാൽ അനെർട്ടിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ 898200 രൂപ മാത്രമാണ് കെൽട്രോണിന് നൽകിയിട്ടുള്ളതെന്നും പ്രസ്തുത മറുപടി മുഖേന അറിയിച്ചിട്ടുണ്ട്. 2018 ജൂൺ മാസം മുതൽ സോളാർ പാനൽ മുഖേനയുള്ള വൈദ്യുതിയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ ഉപയോഗിച്ചുവരുന്നതെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ്.

# 1-18 വരുമാന നികുതി ത്രൈമാസ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനായി സ്വകാര്യ ഏജൻസിക്ക് ₹9,700 നൽകി.

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ആദായനികുതിയുടെ ത്രൈമാസ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനായി താഴെക്കൊടുത്തിരിക്കുന്ന തുകകൾ ചാർട്ടേഡ് കൺസൾട്ടൻസി, കണ്ണൂർ എന്ന പ്രൊഫഷണൽ ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്.

| ക്വാർട്ടർ | തുക | വൗച്ചർ നം/തിയതി |
|---|---|---|
| 2018-19ഒന്നാം പാദം | 2300 | 17926/20.7.18<br>17927/20.7.18 |
| 2018-19രണ്ടാം പാദം,<br>2017-18അവസാന പാദം | 2700 | 18797/20.10.18<br>18798/20.10.18 |
| 2018-19മൂന്നാം പാദം | 2300 | 19490/7.2.19 |

| | | |
|---|---|---|
| | | 19491/7.2.19 |
| 2018-19നാലാം പാദം | 2400 | 20041/7.5.19<br>20043/7.5.19 |

സ്ഥാപനത്തിന്റെ ആദായനികുതി റിട്ടേണുകൾ ഫയൽ ചെയ്യുക എന്നത് സ്ഥാപനമേധാവിയുടെ/ഡി.ഡി.ഒ.മാരുടെ വ്യക്തി പരമായ ഉത്തരവാദിത്തമാണ്. ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ആവശ്യമായ പരിശീലനവും ഡി.ഡി.ഒ.മാർക്ക് നൽകിവരുന്നുണ്ട്. ആഫീസിൽ ലഭ്യമായ ഇന്റർനെറ്റ് സംവിധാനം ഇതിനായി ഉപയോഗിക്കാവുന്നതാണ്. റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള നിശ്ചിത നിരക്കിലുള്ള അപ് ലോഡിങ്ങ് ഫീ ചെലവാക്കാൻ സർക്കാർ അനുമതിയുണ്ട്.എന്നാൽ 4 ത്രൈമാസ റിട്ടേണുകൾ അപ് ലോഡ് ചെയ്യുന്നതിനായി ₹9,700 സ്വകാര്യ ഏജൻസിക്ക് നൽകാനിടയായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.18/18-19/30.01.20) ആദായ നികുതി ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ബ്ലോക്ക് ഓഫീസിലെ ഉദ്യോഗസ്ഥർക്കോ ഡി.ഡി.ഒ ക്കോ ബന്ധപ്പെട്ട ട്രഷറിയിൽ നിന്ന് പരിശീലനം ലഭിച്ചിട്ടില്ലെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഫീസിലെ ഇൻറർനെറ്റ് സൗകര്യം ഉപയോഗപ്പെടുത്തി ആദായ നികുതി റിട്ടേണുകൾ ഫയൽ ചെയ്യുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.ട്രഷറിയിൽ നിന്നുള്ള പരിശീലനം എത്രയും വേഗം ലഭ്യമാക്കി അടുത്ത സാമ്പത്തിക വർഷം മുതൽ ഓഫീസ് മുഖേന ആദായ നികുതി റിട്ടേണുകൾ ഫയൽ ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം-വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 170/19 |
| പ്രോജക്ടിന്റെ പേര് | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ |
| അടങ്കൽ | 1,95,000 വി.ഫ.(പൊതു) |
| ചെലവ് തുക | 1,56,000 |
| ബിൽ നമ്പർ | 2/18-19 തി:29/12/18 |

ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകുന്നതിനുള്ള സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി കെൽട്രോൺ ഇലക്ട്രോ സെറാമിക് ലിമിറ്റഡിൽ നിന്നും 78,000 വിലയുള്ള രണ്ട് സ്കൂട്ടർ (സൈഡ് വീലോടു കൂടിയത്) ഗുണഭോക്താക്കളായ

ബലിക്കളത്തിൽ പ്രസന്നൻ, ജോസഫ് ആർ.എ. എന്നിവർക്ക് വിതരണം ചെയ്തിട്ടുണ്ട്. വാഹനം കൈമാറിയ ദിവസമായ 31.12.18 ന് ഗുണഭോക്താക്കളുമായുണ്ടാക്കിയ കരാർ പ്രകാരം വാഹനം ലഭിച്ച് 30 ദിവസത്തിനുള്ളിൽ വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ആയതിന്റെ കോപ്പി ഫയലിൽ ലഭ്യമല്ല. ലൈസൻസിന്റെ കോപ്പി ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കെൽട്രോണിൽ നിന്നുള്ള ഓഫർ ലെറ്റർ പ്രകാരം 5 വർഷം വാറണ്ടിയുള്ള വാഹനമാണ് വിതരണം ചെയ്യുന്നത്. ലഭിച്ച വാഹനത്തിന്റെ വാറണ്ടി 5 വർഷം തന്നെയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 1-20 സി.എച്ച്.സി.യിൽ ആരംഭിച്ച കാൻസർ രോഗനിർണ്ണയ കേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി |
| പ്രോജക്ട് നമ്പർ | 121/19 |
| പ്രോജക്ടിന്റെ പേര് | കാൻസർ നിയന്ത്രണ പദ്ധതി |
| അടങ്കൽ | 1,00,000 വി.ഫ.(പൊതു.) |
| ചെലവ് തുക | 97,066 |
| ബിൽ നം/തിയതി | ₹5535 ബിൽ നം 34/18-19/25.03.19 |
| | ₹91531 ബിൽ നം32/18-19/15.03.19 |

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള 9 ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ സി.എച്ച്.സി. ഒടുവള്ളിത്തട്ടിൽ ആരംഭിക്കുന്ന കാൻസർ രോഗനിർണ്ണയ കേന്ദ്രത്തിലേക്ക് ആവശ്യമായ ഉപകരണം ലഭ്യമാക്കുന്നതിനുവേണ്ടിയാണ് മേൽ പ്രോജക്ട്. മേൽ ആവശ്യത്തിനായി 97,066 രൂപയുടെ പരിശോധനാ ഉപകരണങ്ങൾ ക്വട്ടേഷൻ മുഖാന്തരം 2019 മാർച്ച് മാസം വാങ്ങിയിട്ടുണ്ട്. എന്നാൽ കാൻസർ രോഗനിർണ്ണയ കേന്ദ്രം നിലവിൽ പ്രവർത്തനമാരംഭിച്ചതായി തെളിയിക്കുന്ന രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം.8/18-19/25.01.20) മറുപടി ലഭ്യമാക്കിയിട്ടില്ല. കാൻസർ രോഗങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മേൽ കാൻസർ രോഗനിർണ്ണയ കേന്ദ്രം താമസംവിനാ പ്രവർത്തനമാരംഭിച്ച് പ്രോജക്ട് അതിന്റെ ഫലപ്രാപ്തിയിൽ എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആയതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-21 വൃദ്ധജന പരിപാലനത്തിനായി വയോജന

## സ്പെഷ്യാലിറ്റി ക്ലിനിക്ക്-പദ്ധതി മാർഗ്ഗരേഖയിൽ പരാമർശമില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 132/19 |
| പ്രോജക്ടിന്റെ പേര് | വൃദ്ധജന പരിപാലനം-വയോജന സ്പെഷ്യാലിറ്റി ക്ലിനിക്ക് |
| അടങ്കൽ | 2,00,000 മെ.ഫ.(നോൺ-റോഡ്) |
| ചെലവ് തുക | 1,87,265 |

ഒടുവള്ളിത്തട്ട് സി.എച്ച്.സി.യിൽ വയോജന സ്പെഷ്യാലിറ്റി ക്ലിനിക്ക് നടത്തുന്നതിനും രോഗികൾക്ക് ആവശ്യമായ മരുന്ന് നൽകുന്നതിനുമാണ് ഈ പ്രോജക്ട്. ക്ലിനിക്കിലേക്കാവശ്യമായ ഫർണ്ണിച്ചറുകൾ, മറ്റ് ഉപകരണങ്ങൾ, മരുന്ന്, ഡോക്ടറുടെ വേതനം എന്നിവയുൾപ്പെടെ 1,87,265 രൂപയുടെ ചിലവുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. വൃദ്ധജന പരിപാലനത്തിനായി വയോജന സ്പെഷ്യാലിറ്റി ക്ലിനിക്ക് സ്ഥാപിക്കുക എന്നത് നിലവിലെ പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നില്ല.
2. വയോജന ക്ലിനിക്കിൽ മൂന്നു മാസം (മാസത്തിൽ ഒരു ദിവസം വീതം) സേവനമനുഷ്ഠിച്ച വകയിൽ ഡോ.ബിജോയ് മാത്യു, എം.ഡി. (ഫാമിലി മെഡിസിൻ) എന്നവർക്ക് വേതനമിനത്തിൽ ₹ 7500 (ബിൽ നം. 35/18-19 തീ.25.03.19) നൽകിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസറുടെ 24.10.18 തീയതിയിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കുള്ള കത്തിൽ, ഡോക്ടറുടെ നിയമനത്തിനായി 'പത്രപരസ്യം നൽകിയതിന്റെ അടിസ്ഥാനത്തിൽ സേവന സന്നദ്ധത അറിയിച്ച ഡോ. ബിജോയ് മാത്യുവിനെ നിയമിക്കാൻ ഭരണസമിതിക്ക് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി, പത്രപരസ്യം നൽകിയിട്ടും ആരും കൂടിക്കാഴ്ചയ്ക്ക് തയ്യാറാകാത്തതിനാൽ, സർക്കാർ തലത്തിൽ ഡോക്ടറെ നിയമിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസറോട് ശുപാർശ ചെയ്യാവുന്നതാണ്'' എന്നാണ് ഭരണസമിതി തീരുമാനം (തീരുമാനം നം. 144/18(1) തീ. 30.10.18) ഡോക്ടറുടെ നിയമനവുമായി ബന്ധപ്പെട്ട മേൽ അവ്യക്തത പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-22 ഭവനനിർമാണ വായ്പാതിരിച്ചടവ് തുക യഥാസമയം വായ്പാ അക്കൗണ്ടിൽ വരവ് വെക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഭവനനിർമാണ പദ്ധതിയുടെ വായ്പാ തിരിച്ചടവിന് താഴെ പ്രതിപാദിക്കും പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ട്രഷറിയിൽ നിന്നും

പിൻവലിച്ചദിവസം തന്നെ വായ്പാഅക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക | പിൻവലിച്ച തീയ്യതി | അടവാക്കിയ തീയ്യതി | ബാങ്ക്/അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|
| 1 | 12/2018-19 തീയതി 11-07-2018 | 700000 | 11-07-2018 | 08.10.2018 | മാടായി കോ-ഓപ്പ് ബാങ്ക് A/c 20880200000249 |
| 2 | 15/2018-19 തീയതി 11-07-2018 | 500000 | 11-07-2018 | 12.10.2018 | പാപ്പിനിശ്ശേരി കോ-ഓപ്പ് ബാങ്ക് A/c 67010296011 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 17/2018-19 ന് മറുപടിയായി പ്രസ്തുത ബാങ്കുകളിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം അതാത് സമയം തന്നെ അക്കൗണ്ടിലേക്ക് തുക വരവ് വെക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. പലിശ ഇനത്തിൽ സർക്കാർ ഫണ്ടിന് നഷ്ടം വരുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-23 കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലേക്ക് ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങിയതിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S00 20/19 |
| പ്രോജക്ടിന്റെ പേര് | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ ഫോട്ടോസ്റ്റാറ്റ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 1,00,000 |
| ചെലവ് തുക | 75,912 |

പ്രോജക്ട് പ്രകാരം 75,912 രൂപ ചെലവഴിച്ച് താഴെപ്പറയും പ്രകാരം ഇലക്ട്രോണിക് എക്യുപ്മെന്റ്സ് വാങ്ങിയിട്ടുണ്ട്.

| ഇനം | തുക | ബിൽ നം./തിയതി | വാങ്ങിയ സ്ഥാപനം |
|---|---|---|---|
| പ്രിന്റർ | 64,862 | 2/18-19 തി:25.06.18 | കെൽട്രോൺ |
| എക്സ്റ്റേണൽ ഹാർഡ് ഡിസ്ക് | 6,700 | 16/18-19 തി:5.02.19 | വിൻടെക്,തളിപ്പറമ്പ |
| സ്കാനർ | 4,350 | 18/18-19 തി:2.03.19 | വിൻടെക്,തളിപ്പറമ്പ |

വാങ്ങലുകളിൽ താഴെപ്പറയുംപ്രകാരം അപാകങ്ങൾ നിലനിൽക്കുന്നു.

1)സ്ഥാപനത്തിലേക്ക് ഏതു സ്പെസിഫിക്കേഷനുകളിലുള്ള ഉപകരണമാണ് വാങ്ങേണ്ടതെന്ന് നിശ്ചയിക്കേണ്ടത് പി.ഡബ്ല്യു.ഡി. (ഇലക്ട്രോണിക്സ്) വിഭാഗം ആണ്. എന്നാൽ മേൽ ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുന്നതിനുമുൻപായി സ്പെസിഫിക്കേഷനുകൾ നിശ്ചയിക്കുകയോ ലഭിച്ച ഉപകരണങ്ങളുടെ ഗുണനിലവാരം,സ്പെസിഫിക്കേഷൻ എന്നിവ പരിശോധിക്കുകയോ ചെയ്തിട്ടില്ല.

2)ജി.ഒ(എം.എസ്.)നം.25/2018/ITD തി: 01.02.18 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ ഡെസ്ക്ടോപ്പ്,ലാപ്ടോപ്പ്,പ്രിന്റർ,സ്കാനർ തുടങ്ങിയ ഹാർഡ് വെയർ ഇനങ്ങൾ സെൻട്രലൈസ്ഡ് പ്രൊക്യർമെന്റ് സിസ്റ്റത്തിലൂടെ ഓൺലൈൻ പോർട്ടലായ cprcs ൽ നിന്നാണ് വാങ്ങേണ്ടത്. M/Sകെൽട്രോണിനെയാണ് സർവീസ് പ്രൊവൈഡർ ആയി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ എക്സ്റ്റേണൽ ഹാർഡ് ഡിസ്ക്,സ്കാനർ എന്നിവ സ്വകാര്യ സ്ഥാപനമായ വിൻടെക്,തളിപ്പറമ്പയിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്.

ആയതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.14/18-19/29.01.20) എക്സ്റ്റേണൽ ഹാർഡ് ഡിസ്ക്,സ്കാനർ എന്നിവ cprcs സംവിധാനത്തിൽ ലഭ്യമല്ലാത്തതിനാലാണ് പ്രാദേശിക വിപണിയിൽ നിന്ന് വാങ്ങിയതെന്നും സാധനങ്ങളുടെ വില ₹15,000 രൂപയ്ക്ക് താഴെയായതിനാൽ അംഗീകൃത വിതരണക്കാരിൽ നിന്നും ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വാങ്ങിയതെന്നും നിലവിൽ രണ്ടു സാധനങ്ങളും നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. എക്സ്റ്റേണൽ ഹാർഡ് ഡിസ്ക്, സ്കാനർ എന്നിവ സ്വകാര്യ ഏജൻസിയിൽ നിന്ന് വാങ്ങാൻ 21.6.18 ന് പർച്ചേസ് കമ്മറ്റി തീരുമാനമുണ്ടെങ്കിലും കെൽട്രോണിൽ നിന്ന് ആയവ ലഭ്യമല്ല എന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തലുകളില്ല. ഐ.ടി. സംബന്ധിയായ ഇലക്ട്രോണിക് ഉപകരണങ്ങൾ cprcs സംവിധാനത്തിലൂടെ തന്നെ വാങ്ങണമെന്ന് നിലവിൽ ഗവൺമെന്റിന്റെ ശക്തമായ നിർദ്ദേശമുള്ള സാഹചര്യത്തിൽ ആയവ ലഭ്യമല്ലാതെ സ്വകാര്യ ഏജൻസിയിൽ നിന്ന് വാങ്ങേണ്ടി വരുമ്പോൾ അത് പർച്ചേസ് കമ്മറ്റി തീരുമാനത്തിൽ പ്രത്യേകം പരാമർശിക്കേണ്ടതാണ്. 21.6.18 ലെ പർച്ചേസ് കമ്മറ്റി തീരുമാനത്തിൽ പങ്കെടുത്തവരുടെ പേരു വിവരം രേഖപ്പെടുത്തുകയോ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3)ഫർണ്ണിച്ചറുകൾ ,ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയ്ക്കായി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ലഭിച്ച ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

സ്ഥാപനവുമായി ബന്ധപ്പെട്ട വാങ്ങലുകൾ നിലവിലുള്ള പദ്ധതി മാർഗ്ഗരേഖകളിലും സർക്കാർ ഉത്തരവുകളിലും അനുശാസിക്കുംവിധം കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 08.08.2019 & 09.08.2019 | കെ.എസ്.എ.കെ.എൻ ആർ./ സി.3/1334/19 തീ.17-08-19 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം ലഭ്യമാക്കിയിട്ടില്ല. തൻവർഷം 7,00,000/- രൂപ ഇ എം എസ് ലോൺ ഇനത്തിൽ തിരിച്ചടച്ചിട്ടുണ്ട്.

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 17 | 2004-05 | 3.13.11.2 | സർക്കാർ നിർദേശത്തിന് വിരുദ്ധമായ ചെലവ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 109599711 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 112110190 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ | : | ഇല്ല |

| | | |
|---|---|---|
| അംഗീകരിക്കാത്ത തുക | | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 618000 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-ഇല്ല</u>**

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 500000 | ശ്രീ.സുരേശൻ.എം,സെക്രട്ടറി |
| 1-16 | 118000 | ശ്രീ.സജീവൻ കളത്തിൽ,അസി.എഞ്ചിനീയർ |
| ആകെ | 618000 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുരേശൻ.എം,സെക്രട്ടറി | വിരമിച്ചു | സ്നേഹതീരം വിളയാങ്കാട്, മണ്ടൂർ |
| ശ്രീ.സജീവൻ കളത്തിൽ,അസി.എഞ്ചിനീയർ | വിരമിച്ചു | ബെൽമേർ ഡൈനസ്റ്റി,കക്കാട് റോഡ്,കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ./കെ.എൻ.ആർ/ സി.3/790/2019 തീയ്യതി.10.06.2019 | 4 |
| 2002-03 | .കെ.എസ്.എ./കെ.എൻ.ആർ/ സി.3/790/2019 തീയ്യതി.10.06.2019 | 5 |
| 2003-04 | കെ.എസ്.എ./കെ.എൻ.ആർ/ സി.3/790/2019 തീയ്യതി.10.06.2019 | 6 |
| 2004-05 | കെ.എസ്.എ./കെ.എൻ.ആർ/ സി.3/790/2019 തീയ്യതി.10.06.2019 | 2 |
| 2005-06 | കെ.എസ്.എ./കെ.എൻ.ആർ/ സി.3/790/2019 തീയ്യതി.10.06.2019 | 3 |
| 2006-07 | കെ.എസ്.എ./കെ.എൻ.ആർ/ സി.3/790/2019 തീയ്യതി.10.06.2019 | 3 |
| 2007-08 | കെ.എസ്.എ./കെ.എൻ.ആർ/ സി.3/790/2019 തീയ്യതി.10.06.2019 | 4 |
| 2008-09 | കെ.എസ്.എ./കെ.എൻ.ആർ/ സി.3/790/2019 തീയ്യതി.10.06.2019 | 6 |
| 2009-10 | കെ.എസ്.എ./കെ.എൻ.ആർ/ സി.3/790/2019 തീയ്യതി.10.06.2019 | 7 |
| 20010-11 | കെ.എസ്.എ./കെ.എൻ.ആർ/ സി.3/790/2019 തീയ്യതി.10.06.2019 | 7 |
| 2011-12-2012-13 | കെ.എസ്.എ./കെ.എൻ.ആർ/ സി.3/790/2019 തീയ്യതി.10.06.2019 | 6 |
| 2013-14-2014-15 | കെ.എസ്.എ./കെ.എൻ.ആർ/ സി.3/790/2019 തീയ്യതി.10.06.2019 | 18 |
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ/ സി.3/790/2019 തീയ്യതി.10.06.2019 | 10 |
| 2016-17 | കെ.എസ്.എ./കെ.എൻ.ആർ/ | 7 |

| | | |
|---|---|---|
| | സി.3/790/2019 തീയ്യതി.10.06.2019 | |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ/സി.3/ 1928/18 തീയ്യതി 10-12-2018 | 11 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.**

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം:കെ.എസ്.എ/കെ.എൻ.ആർ/സി.3/113/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698

തിയതി: 12.03.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Thalipparamba Block Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 25172571.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 140000000 | Fees & User Charges | RP-4 | 182180.00 |
| 150000000 | Sale & Hire Charges | RP-5 | 56190.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 86337175.00 |
| 171000000 | Interest Earned | RP-9 | 3120.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 19312090.00 |
| 350000000 | Other Liabilities | RP-36 | 1490067.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-34 | 790338.00 |
| 350000000 | Other Liabilities | RP-36 | 248151.00 |
| 410000000 | Fixed Assets | RP-38 | 7851.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1104437.00 |
| 460000000 | Loans, Advances and Deposits | RP-47 | 68112.00 |
| | **Grand total** | | **134772282.00** |
| | **PAYMENTS** | | |

| | | | |
|---|---|---|---|
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3182520.00 |
| 220000000 | Administrative Expenses | RP-12 | 2542500.00 |
| 230000000 | Operations & Maintenance | RP-13 | 6090480.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 10140505.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 44420313.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 26091094.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 4162628.00 |
| 255000000 | Maintenance Projects | RP-20 | 2839268.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 800000.00 |
| 280000000 | Prior Period item | RP-26 | -202105.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7980929.00 |
| 350000000 | Other Liabilities | RP-36 | 799309.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 8513.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 330000000 | Secured Loans | RP-32 | 1200000.00 |
| 340000000 | Deposits Received | RP-34 | 564671.00 |
| 350000000 | Other Liabilities | RP-36 | 182728.00 |
| 410000000 | Fixed Assets | RP-38 | 985252.00 |
| 412000000 | Capital work in Progress | RP-40 | 28395.00 |
| 460000000 | Loans, Advances and Deposits | RP-47 | 293190.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 22662092.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **134772282.00** |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Thalipparamba Block Panchayat INCOME & EXPENDITURE STATEMENT

| | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1014377.00 |
| 140000000 | Fee & User Charges | I-4(b) | 182180.00 |
| 150000000 | Sale & Hire Charges | I-5(b) | 56190.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 94109194.00 |
| 171000000 | Interest Earned | I-8 | 3120.00 |
| | **Total Income** | | **95365061.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3182520.00 |
| 220000000 | Administrative Expenses | I-11(b) | 2542500.00 |
| 230000000 | Operations & Maintenance | I-12(b) | 6090480.00 |
| 240000000 | Interest & Finance Charges | I-13 | 8513.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10140505.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 44420313.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 26919489.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 4162628.00 |
| 255000000 | Maintenance Projects | I-14(e) | 2839268.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 800000.00 |
| 272000000 | Depreciation | I-17(a) | 1036081.00 |
| | **Total Expenditure** | | **102142297.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-6777236.00** |
| 280000000 | Prior Period Item | I-18 | -303456.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-6473780.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# <u>അനുബന്ധം-2-3 ബാലൻസ് ഷീറ്റ്</u>

| | | | |
|---|---|---|---|
| **Thalipparamba Block Panchayat BALANCE SHEET**<br>For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 1481747.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 72588600.00 |
| | **Total Reserve & Surplus** | | **74070347.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 25949595.00 |
| | **Total Grants, Contributions for Specific Purposes** | | **25949595.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 4900000.00 |
| | **Total Loans** | | **4900000.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 543434.00 |
| 350000000 | Other Liabilities | B-9 | 1138905.00 |
| | **Total Current Liabilities and Provisions** | | **1682339.00** |
| | **TOTAL LIABILITIES** | | **106602281.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 88372712.00 |
| 411000000 | Accumulated Depreciation | B-11 | -18651591.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **69721121.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 13984940.00 |
| 450000000 | Cash and Bank Balance | B-17 | 22662092.00 |
| 460000000 | Loans, Advances and Deposits | B-18 | 234128.00 |
| | **Total Current Assets, Loans and Advances** | | **36881160.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | **106602281.00** | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ